www.malankaralibrary.com

കർമ്മല കുസുമം

പ്രഥമം ● പ്രബുദ്ധം ● പ്രവാചകം

സ്ഥാപിതം : 1903

മലയാളത്തിലെ പ്രഥമ ക്രിസ്തീയ കുടുംബ മാസിക
പ്രസിദ്ധീകരണത്തിന്റെ 120 വർഷങ്ങൾ

# ജനസംഖ്യയും ക്രിസ്ത്യാനികളുടെ തെറ്റിദ്ധാരണയും

അമൽ സിറിയക്ക് ജോസ് വേളാശ്ശേരിൽ

www.malankaralibrary.com

കർമ്മല കുസുമം

പ്രഥമം ● പ്രബുദ്ധം ● പ്രവാചകം

സ്ഥാപിതം : 1903

മലയാളത്തിലെ പ്രഥമ ക്രിസ്തീയ കുടുംബ മാസിക
പ്രസിദ്ധീകരണത്തിന്റെ 120 വർഷങ്ങൾ

ഇന്ത്യ സ്വാതന്ത്ര്യം നേടിയ 1950 കാലഘട്ടത്തിൽ 22 ശതമാനത്തിൽ അധികമുണ്ടായിരുന്ന കേരളത്തിലെ ക്രിസ്ത്യൻസമൂഹം 2001 ലെ സെൻസസ് കണക്കുപ്രകാരം 19.02 ശതമാനവും ശേഷം 2011 ലെ കണക്ക് പ്രകാരം 18.38 ശതമാനവുമായി കുറഞ്ഞു. കേരളത്തിൽ ക്രിസ്ത്യൻ ജനസംഖ്യ ഇക്കഴിഞ്ഞ വർഷങ്ങളിൽ കുത്തനെ താഴുന്നതായിട്ടാണ് Kerala State Economics and Statistics Division Department ഇറക്കുന്ന 'Annual Vital Statistics Report' ൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ഉദാഹരണത്തിന് അവസാനമായി ഇറങ്ങിയ 2021 ലെ റിപ്പോർട്ടിൽ 2021 ൽ കേരളത്തിൽ ജനിച്ച ക്രിസ്ത്യൻ കുട്ടികൾ – 59,766. അതേസമയം 2021 ൽ കേരളത്തിൽ മരിച്ച ക്രിസ്ത്യാനികൾ – 65,984. അതായത് പ്രസ്തുത വർഷം 6218 പേരുടെ കുറവ് ക്രിസ്ത്യൻ സമുദായത്തിലുണ്ടായി. അതേസമയം മറ്റൊരു ന്യൂനപക്ഷ വിഭാഗമായ മുസ്ലിം വിഭാഗത്തിന്റെ കണക്കിൽ 2021 ൽ കേരളത്തിൽ ജനിച്ച മുസ്ലിം കുട്ടികൾ – 1,69,296. 2021 ൽ കേരളത്തിൽ മരിച്ച മുസ്ലിങ്ങൾ – 65,066. അതായത് 2021 ൽ 1,04,230 പേരുടെ വർദ്ധനവ് മുസ്ലിം സമുദായത്തിലുണ്ടായി.

1980 ന് മുൻപ് കേരളത്തിൽ കുറച്ചെങ്കിലും പ്രബലമായ ഒരു സമൂഹമായി ക്രിസ്ത്യാനികൾ കാണപ്പെട്ടിട്ടുണ്ടെങ്കിൽ അത് കൂടുതൽ കുട്ടികളുള്ള കുടുംബങ്ങൾ ഉണ്ടായിരുന്നതുകൊണ്ടാണ്. അതിൽ പ്രത്യേകിച്ച് കുടിയേറ്റ മേഖലയിലും കുട്ടനാടൻ മേഖലയിലുമുള്ള നസ്രാണികൾ മണ്ണിനോട് പടവെട്ടി പൊന്ന് വിരിയിച്ചത് സഹോദരങ്ങളുടെയും മക്കളുടെയും ബലംകൊണ്ടാണ്. മക്കളാണ് സമ്പത്ത്, മക്കളുടെ എണ്ണം കുറയുംതോറും കുടുംബങ്ങളില്ലാതാകും, ആ സമൂഹവും ഇല്ലാതാകും. ഇതാണ് ലോകത്തിൽ എല്ലായിടത്തും സംഭവിക്കുന്നത്.

കേരളത്തിലെ ക്രിസ്ത്യാനികളുടെ ഇടയിൽ കടന്നുകൂടിയ ചില തെറ്റിദ്ധാരണപരമായ കാര്യങ്ങൾ പങ്കുവയ്ക്കാം.

1) 'Quality ആണ് പ്രധാനം Quantity' അല്ല: ചില സഭാ/സമുദായ പ്രതിനിധികൾ ജനസംഖ്യ വിഷയത്തിൽ ഇങ്ങനെ സംസാരിക്കുന്നത് ബോധ്യം ഇല്ലാതെയാണെന്ന് പറയേണ്ടിവരും. കാരണം, 'Quality' നമുക്ക് മാറ്റാൻ സാധിക്കും എന്നാൽ 'Quantity' മാറ്റാൻ പറ്റില്ല. അതായത് 10 പേര് മതിയെന്ന് വിചാരിക്കുകയും അവർക്ക് ക്വാളിറ്റി കൊടുക്കുകയും ചെയ്താലും അതിൽ 7 പേർ മാത്രമേ ക്വാളിറ്റിയിൽ രൂപപ്പെട്ട് വരുകയുള്ളൂ. എന്നാൽ 50 പേർക്ക് കുറച്ച് ക്വാളിറ്റി കൊടുത്താൽ അതിൽ 30 പേരെങ്കിലും ക്വാളിറ്റിയിൽ രൂപപ്പെട്ടുവരും. മാത്രമല്ല 10 പേർ 10 മേഖലയിൽ വ്യാപരിക്കുമ്പോൾ 50 പേരുണ്ടെങ്കിൽ 50 മേഖലയിൽ വ്യാപരിക്കാൻ ആ സമൂഹത്തിന് കഴിയും. മക്കളുടെ എണ്ണം ഒന്നിലും രണ്ടിലും ഒതുക്കി ലോൺ എടുത്ത് ക്വാളിറ്റികൂട്ടി ഇപ്പോൾ അനാഥമായി കഴിയുന്ന മാതാപിതാക്കൾ ഈ സമൂഹത്തിൽ വർധിക്കുന്നത് വലിയ ആശങ്കയായി അനുദിനം മാറുന്നു.

2) 'നാം രണ്ട് നമുക്ക് രണ്ട്': 1970 കളുടെ തുടക്കത്തിൽ ഇന്ദിരാഗാന്ധി കൊണ്ടുവന്ന 'വന്ധ്യംകരണ' വിപ്ലവത്തിന്റെ ഒരു ഇര കേരളത്തിലെ ക്രിസ്ത്യൻസമൂഹമാണ്. സ്വാതന്ത്ര്യസമര പങ്കാളിത്തവും കേരളത്തിലെ വിദ്യാഭ്യാസനയങ്ങൾ വിഷയങ്ങളും കമ്മ്യൂണിസ്റ്റ് നിരീശ്വരവാദ വിഷയങ്ങളും കേരളത്തിലെ നല്ല പങ്ക് ക്രിസ്ത്യാനികളെ കോൺഗ്രസ് അനുഭാവികളാക്കി. ആ അവസരത്തിൽ വന്ന ഈ പോളിസി അന്നുവരെയുണ്ടായിരുന്ന ക്രൈസ്തവ കുടുംബസങ്കൽപ്പത്തെയും ദൈവവചനത്തെയും 'ദരിദ്ര വിഷയം' എടുത്തുയർത്തി നമ്മൾ തകിടം മറിച്ചു. കേരളത്തിൽ ഇന്ന് ഏകദേശം 70% ൽ അധികം ക്രിസ്ത്യാനികളും ചെറുതും വലുതുമായ വന്ധ്യംകരണ മാർഗങ്ങൾ അവലംബിക്കുന്ന അവസ്ഥയിൽ നമ്മൾ എത്തിച്ചു. 1970 ന് ശേഷം കേരളത്തിലെ 70% ൽ അധികം ക്രിസ്ത്യൻ കുടുംബങ്ങളിലും മക്കളുടെ എണ്ണം രണ്ടോ അതിൽ കുറവോ ആണ്. 1970 ന് മുൻപ് കേരളത്തിൽ ഏറ്റവുമധികം ജനനനിരക്കു ണ്ടായിരുന്ന ക്രിസ്ത്യൻസമൂഹം ഇന്ന് നെഗറ്റീവ് നിരക്കിൽ താഴ്ന്നിരിക്കുകയാണ്.

3) സാമ്പത്തിക ഭദ്രതയില്ലായ്മ: പുരുഷന്റെ വിവാഹപ്രായം 21 ഉം സ്ത്രീയുടേത് 18 ഉം ആണ് ഇന്ത്യയിൽ. പഠനം കഴിഞ്ഞിട്ട്, ജോലിയായിട്ട്, കടങ്ങൾ തീർത്തിട്ട്, വീട് വെച്ചിട്ട്, സ്ഥലം മേടിച്ചിട്ട്, വിദേശത്ത് പോയിട്ട്, ഗവണ്മെന്റ് ജോലി കിട്ടിയിട്ട്, കുറച്ച് സേവിങ്സായിട്ട്... ഇങ്ങനെ നേരെ നിൽക്കാൻ കാരണങ്ങൾ കണ്ടെത്തി സമയം പോകുന്നു. അവസാനം 30 വയസ് കഴിഞ്ഞ് വലിയ ദുരവസ്ഥയിലേക്ക് പോകുന്നു. അങ്ങനെ അനേകർ വിവാഹം കഴിക്കാതെ നിൽക്കുന്നു. ഒരു സമൂഹത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് ഏറ്റവും ഉപകാരപ്പെടുന്ന സംവരണം ഈ സമൂഹത്തിന് നിഷേധിക്കപ്പെട്ടു. മറ്റൊരു ആശ്വാസമായ ന്യൂനപക്ഷ ആനുകൂല്യങ്ങൾ കവർന്നെടുക്കപ്പെട്ടു. സർക്കാർ തഴഞ്ഞു... തഴയുന്നു. ഇപ്പോൾ ലഭിക്കുന്ന EWS

സംവരണവും, ന്യൂനപക്ഷ ആനുകൂല്യങ്ങളിൽ ഈ കഴിഞ്ഞ നാളുകളിലുണ്ടായ അറിവും ഈ സമൂഹത്തിൽ കുറച്ചെങ്കിലും മാറ്റം കൊണ്ടുവരട്ടെ.

4) പെൺകുട്ടികളുടെ വൈകിയുള്ള വിവാഹവും കുഞ്ഞിന് ജന്മം നൽകുന്നതിലെ താമസവും: ഒരു പക്ഷേ കുറച്ചു സ്ത്രീകൾ വളരെ നീരസത്തോടെ കാണുന്ന ഒരു വിഷയമാണ് ഇത്. എന്നാൽ വസ്തുത കാണാതെ പോകരുതല്ലോ. മുൻപ് പറഞ്ഞ കേരള സർക്കാരിന്റെ 2021 ലെ റിപ്പോർട്ടിലുള്ള കണക്ക് തന്നെ എടുക്കാം. 25 വയസിന് മുമ്പാണ് ഗർഭം ധരിക്കാൻ അനുയോജ്യമായ പ്രായമെന്ന് ആരോഗ്യ വിദഗ്ദ്ധർ പറയുന്നതിനെ ശരിവയ്ക്കുന്നതാണ് റിപ്പോർട്ടിലെ ഈ കണക്ക്. 25 വയസിന് താഴെ കുഞ്ഞ് ജനിച്ച സ്ത്രീകളിൽ 61.19% ഉം Normal delivery യാണ്, 38.81% മാത്രമാണ് Caesarean/Forceps/Vacuum delivery. എന്നാൽ 25–29 വയസ്സിനിടയ്ക്ക് കുട്ടികൾ ഉണ്ടായവരിൽ Normal – 53.26%, Caesarean/Forceps/Vacuum – 46.71%. 30 വയസിന് മുകളിൽ കുട്ടികൾ ഉണ്ടായവരിൽ Normal- 46.79%, Caesarean/Forceps/Vacuum – 53.32% വും ആണ്. അതായത് 25 വയസിനുശേഷം Normal delivery സാധ്യത കുറയുകയും Caesarean സാധ്യത കൂടുകയും ചെയ്യുന്നു.

ഇത് ക്രിസ്ത്യൻ കുടുംബങ്ങളെ എങ്ങനെ സ്വാധീനിക്കുന്നു എന്ന് പറയാം. 2021 ലെ ക്രിസ്ത്യാനികളുടെ കണക്കിൽ ആദ്യകുട്ടിയുണ്ടായത്, 25 വയസിന് താഴെയുള്ള അമ്മമാർക്ക് ജനിച്ചത് വെറും 8,146 (27.96%) കുട്ടികളും 25 വയസിന് മുകളിൽ 20,988 (72.04%). 2021 ൽ ജനിച്ച മുഴുവൻ ക്രിസ്ത്യൻ കുട്ടികളുടെ കണക്കിൽ, 25 വയസിന് താഴെയുള്ള അമ്മമാർക്ക് ജനിച്ചത് വെറും 10,874 (18.21%) കുട്ടികളും 25 വയസിന് മുകളിൽ 48,839 (81.78%) കുട്ടികളുമാണ് ജനിച്ചത്. അതായത് ഏകദേശം 60% ത്തിൽ അധികം ക്രിസ്ത്യൻ കുട്ടികളും ജനിച്ചത് Caesarean വഴിയാകാനാണ് സാധ്യത.

ഇനി എന്താണ് Caesarean ഉയർത്തുന്ന വെല്ലുവിളി. Caesarean delivery നടന്നാൽ പിന്നെ അധികം ഡെലിവറികൾ ഡോക്ടർമാർ പ്രോത്സാഹിപ്പിക്കാറില്ല. പിന്നീടുള്ള ഡെലിവറികളിൽ ഇതുമൂലം ഉള്ള പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. അതുമൂലം ഡോക്ടർമാർ വന്ധ്യംകരണ ഉപദേശങ്ങൾ നൽകി തുടങ്ങും. ക്രിസ്തുവിനോടും സഭയോടും കുടുംബത്തോടും പ്രതിബദ്ധതയുള്ള ചിലരൊഴിച്ച് ബാക്കിയെല്ലാവരും ഇതുവഴി കുട്ടികളുടെ എണ്ണം കുറയ്ക്കും.

5) ജീവിത സാഹചര്യം: സ്വകാര്യ ജീവിതാസ്വാദനം, പ്രൊഫഷൻ മുൻനിർത്തിയുള്ള ജീവിതം, യൗവനാസ്വാദനം, മറ്റുള്ളവരുടെ കുടുംബ പ്രശ്നങ്ങൾ കണ്ടുള്ള മുൻധാരണകൾ തുടങ്ങിയ പൊതു സമൂഹത്തിൽ ക്രിസ്ത്യാനികൾക്ക് എന്നതിലുപരി എല്ലാ വിഭാഗമാളുകളിലും ഉയർന്നുവരുന്ന വിഷയങ്ങൾ.

ഈ സാഹചര്യങ്ങൾ മനസ്സിലാക്കി ചെറുപ്രായത്തിൽ മാതാപിതാക്കളുടെ സഹായത്തോടെ വിവാഹം കഴിച്ച് കുടുംബങ്ങളിൽ കൂടുതൽ കുട്ടികൾ എന്ന നിലയിലേക്ക് ക്രിസ്ത്യൻ കുടുംബങ്ങൾ വളർന്നില്ലെങ്കിൽ 2001 നവംബർ മാസം Centre for Development Studies, Govt. of India പുറത്തിറക്കിയ കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ ജനസംഖ്യയെപ്പറ്റിയുള്ള പഠനറിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതുപോലെ കേരളത്തിലെ ക്രിസ്ത്യൻസമൂഹം parsi syndrome ലൂടെ കേരളത്തിൽ ഇല്ലാതാകും.

ഇനി ചിലർ ചോദിക്കുമായിരിക്കും ജനസംഖ്യ കൂടിയാൽ ഭൂമിയിൽ ഭക്ഷണക്ഷാമം ഉണ്ടാവില്ലേ എന്ന്. ഈ ചിന്താഗതി അർത്ഥശൂന്യമാണ്. കാരണം, 1960 ൽ ദാരിദ്ര്യമുണ്ടായിരുന്നു. എന്നാൽ ഇന്ന് അതിൽ എത്രയോ ആളുകൾകൂടി, എന്നാൽ ദാരിദ്ര്യം താഴ്ന്നു. ജനസംഖ്യയിൽ വളരുന്ന രാജ്യമായ ഇന്ത്യ ആഗോളതലത്തിൽ വൻവളർച്ച രേഖപ്പെടുത്തുന്നു. ജനസംഖ്യാകുറവുള്ള രാജ്യങ്ങൾ തകർന്ന് അടിയുന്നു. കൂടുതൽ ആളുകളെ സ്വീകരിക്കുന്നു. ജനസംഖ്യാവളർച്ച യഥാർത്ഥത്തിൽ മനുഷ്യരാശിയുടെ ഏറ്റവും വലിയ വെല്ലുവിളികളെ നേരിടാനുള്ള അവസരങ്ങൾ വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. കൂടുതൽ ആളുകൾ ജോലി ചെയ്യുന്നതുവഴി കൂടുതൽ ഉത്പാദനം കൃഷിയിലും മറ്റ് മേഖലകളിലുമുണ്ടാകുന്നു. കൂടുതൽ കണ്ടുപിടുത്തങ്ങൾ ഉണ്ടാകുന്നു, ഉത്പാദനക്ഷമത വർധിക്കുന്നു.

ലോകത്തിലെ ഏറ്റവും വലിയ കോടീശ്വരനായ എലോൺ റീവ് മസ്ക്, മികച്ചൊരു എൻജിനീയറും വ്യവസായ സംരംഭകനുമാണ്. ഇദ്ദേഹം വളരെ ആധികാരികതയോടെയാണ് ഇപ്പോൾ ഒരു ജാഗ്രതാനിർദേശം തന്നിട്ടുള്ളത്. അദ്ദേഹം പറയുന്നത് ഇങ്ങനെയാണ്, "ഞാൻ ഇപ്പറഞ്ഞ കാര്യങ്ങൾ നിങ്ങൾ കുറിച്ച് വെച്ചുകൊള്ളൂ'' എന്നാണ്. ശാസ്ത്രലോകത്തെ അസാധ്യകാര്യങ്ങളുടെ മധ്യസ്ഥൻ എന്ന് വിശേഷിപ്പിക്കാവുന്ന ഇദ്ദേഹത്തിന്റെ ജാഗ്രതാനിർദേശം കേരളത്തിലെ ക്രിസ്ത്യാനികൾ മനസ്സിലാക്കി പരിഹാരം കാണുവാൻ ശ്രദ്ധിച്ചില്ലെങ്കിൽ ഈ സമൂഹം ഇവിടെ ഉന്മൂലനം ചെയ്യപ്പെട്ടു പോയേക്കാം.

അദ്ദേഹം പറഞ്ഞത് ഇതാണ്: "എനിക്ക് ഇത് വേണ്ടത്ര ഊന്നി പറയാൻ കഴിയില്ല. ഇവിടെ അതിന് മതിയായ ആളുകളില്ല. സംസ്കാരങ്ങളുടെ ഏറ്റവും വലിയ അപകടസാധ്യതകളിലൊന്ന് കുറഞ്ഞ ജനനനിരക്കും അതിവേഗം കുറയുന്ന ജനനനിരക്കുമാണെന്ന് ഞാൻ കരുതുന്നു. എന്നിട്ടും മിടുക്കരായ ആളുകൾ ഉൾപ്പെടെ നിരവധി ആളുകൾ ലോകത്ത് വളരെയധികം ആളുകളുണ്ടെന്നും ജനസംഖ്യ നിയന്ത്രണാതീതമായി വളരുകയാണെന്നും കരുതുന്നു. ഇത് തികച്ചും വിപരീതമാണ്. ദയവായി എണ്ണം നോക്കുക. ആളുകൾക്ക് കൂടുതൽ കുട്ടികൾ ഇല്ലെങ്കിൽ അവരുടെ സംസ്കാരം തകർച്ചയിലേക്ക് പോകും. എന്റെ ഈ വാക്കുകൾ അടയാളപ്പെടുത്തികൊള്ളുക." പതിനൊന്ന് കുട്ടികളുടെ പിതാവും SpaceX, Tesla,

www.malankaralibrary.com



Twitter, Musk Foundation, X Corp., Neuralink, OpenAI, PayPal തുടങ്ങിയവയുടെ ഒക്കെ പിന്നിലെ ബുദ്ധികേന്ദ്രവുമായ എലോൺ മസ്ക്, *വാൾസ്ട്രീറ്റ് ജേർണലി*ന്റെ വാർഷിക സി.ഇ.ഒ കൗൺസിലിൽ പറഞ്ഞതാണിത്.

"If people don't have more children, civilization is going to crumble" - Elon Musk

ഒരു സംസ്കാര ജനതയുടെ ഏറ്റവും വലിയ അപകടസാധ്യതകളിലൊന്ന് കുറഞ്ഞ ജനനനിരക്കും, അതിവേഗം കുറയുന്ന ജനനനിരക്കുമാണെന്ന് അദ്ദേഹം പറയുന്നത് കേരളത്തിലെ ക്രിസ്ത്യൻസമൂഹം മനസ്സിലാക്കണം.

കുത്തനെ കുറയുന്ന ജനനനിരക്കും വർദ്ധിച്ച മരണനിരക്കും കേരളത്തിലെ ക്രിസ്ത്യൻ സമൂഹത്തിന്റെ നിലനിൽപ്പിനുമേലുള്ള ആണിയടിയാണ്. രണ്ടായിരം വർഷത്തെ പാരമ്പര്യമുള്ള കേരളത്തിലെ ക്രിസ്ത്യൻസമൂഹം വരുംനാളുകളിൽ ഈ പാത പിന്തുടർന്നാൽ ഇല്ലാതാകും എന്നത് തീർച്ച. ഇന്നുമുതൽ ഒരു തുടക്കം ആകട്ടെ. കുടുംബത്തിൽ ദൈവം തരുന്ന കുട്ടികളെ സ്വീകരിക്കുക. കൂടുതൽ കുട്ടികൾ = കൂടുതൽ സന്തോഷം. മാതാപിതാക്കൾ വാർദ്ധക്യം അറിയാതിരിക്കട്ടെ. കുടുംബത്തിന്റെ സമ്പത്ത് മക്കളാണ്.

("കർത്താവിന്റെ ദാനമാണ് മക്കൾ, ഉദരഫലം ഒരു സമ്മാനവും. യൗവനത്തിൽ ജനിക്കുന്ന മക്കൾ യുദ്ധവീരന്റെ കൈയിലെ അസ്ത്രങ്ങൾപോലെയാണ്. അവകൊണ്ട് ആവനാഴി നിറയ്ക്കുന്നവൻ ഭാഗ്യവാൻ; നഗരകവാടത്തിങ്കൽവച്ച് ശത്രുക്കളെ നേരിടുമ്പോൾ അവന് ലജ്ജിക്കേണ്ടിവരുകയില്ല." സങ്കീർത്തനങ്ങൾ 127:3-5)